LIBRARY ARCHIVES Kerala Legislative Assembly

പാചക തൊഴിലാളികളുടെ വേതനം

141(2497) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്ക് നിലവിൽ നൽകി വന്നിരുന്ന ഓണറേറിയം, കോവിഡ് കാരണം സ്കൂളുകൾ അടച്ചിട്ടിരുന്ന കാലത്തും അതേ നിരക്കിൽ നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ഓണറേറിയം മുടങ്ങാതെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(സി) കോവിഡ് കാലത്ത് സ്കൂളുകൾ അടച്ചിട്ടിരിക്കുന്നതിനാൽ പാചക തൊഴിലാളികളുടെ ദയനീയമായ സാമ്പത്തിക സാഹചര്യങ്ങളും നിലവിലെ ജീവിത നിലവാര സൂചികകളും കണക്കിലെടുത്ത് അനുവദനീയമായതിന്റെ പകുതി നിരക്കിലെങ്കിലും ഇവർക്ക് ഓണറേറിയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സ്കൂൾ പാചക തൊഴിലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 1,600 രൂപ നൽകിവരുന്നുണ്ട്. ആയതിനാൽ ഓണറേറിയം അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) സർക്കാർ സർവ്വീസിലെ കാറ്റഗറി രണ്ട് വിഭാഗം പാർട്ട് ടൈം സ്വീപ്പർമാർക്ക് അനുവദിക്കുന്ന മിനിമം വേതനമെങ്കിലും പൊതുവിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പൊതുവിദ്യാലയങ്ങളിലെ പാചക തൊഴിലാളികൾക്ക് മിനിമം വേതനം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.